PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Monday, *the 26th March 1951*

Vol. III] OFFICIAL REPORT [No. 13

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock on Mondy, the 26th March 1951 with Mr. Speker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

Oral Answers

വനംപതിപ്പ്

*൧൯൭. (൧) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫ൧൦൪-ൽ പത്തനംതിട്ട താലൂക്കിൽ റാന്നി പകുതിയിൽ, കുന്നംമുറിയിൽ സർവ്വെ ൭൫൦/൧-ാംനമ്പർ വസ്തുക്കളിൽ സാംബവരാദിയായ പ്രവേശനക്കാരെ കുടിയിറക്കിയതിനുശേഷമല്ലേ ടി സ്ഥലങ്ങൾ റിസർവ്വ് ഫാറസ്റ്റിൽ പെടുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത സ്ഥലം കൃഷിക്കുവേണ്ടി കഴിവാക്കി വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ, അവിടെ മുൻതാമസക്കാരായിരുന്ന പിന്നോക്കസമുദായങ്ങളിൽപ്പെട്ടവർക്ക് മുൻഗണന കിട്ടുന്നതിനുള്ള അപേക്ഷകൾ ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) അനധികൃതമായിട്ട് പ്രവേശിച്ചവരെ റിസർവ് ഫാറസ്റ്റിൽനിന്നും കുടിയിറക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അവശസമുദായങ്ങളിൽപ്പെട്ട ഓരോ കുടുംബത്തിനും 8 ഏക്കർ സ്ഥലം വീതം പതിച്ചുതൊടുക്കുന്നതിനായി ഗവണ്മെണ്ടിൽനിന്നും അനുവാദം കൊടുത്തിട്ടുണ്ട്".

ശ്രീ. സി. സി. പ്രസാദ്: അനധികൃതമായിട്ട പ്രവേശിച്ചു എന്നുള്ള കാരണത്തിനു് അവരിൽനിന്നും നിരോധനക്കരം ഈടാക്കിയിട്ടില്ലേ?

ശ്രീ. സി. കേശവൻ: അതിനെപ്പറ്റി സൂക്ഷ്മമായി അറിയാൻ പാടില്ല.

ശ്രീ. സി. സി. പ്രസാദ്: 8 ഏക്കർ എന്നുള്ള വ്യവസ്ഥയനുസരിച്ചു് ഇവർക്കു് ആകെ കൊടുക്കുവാൻ അനുവദിച്ചിട്ടുള്ള സ്ഥലം എത്രയാണെന്നു പറയാമോ?

ശ്രീ. സി. കേശവൻ: അവരുടെ അപേക്ഷയനുസരിച്ചു് ഇതിലേക്കുവേണ്ടി ആകെ 8 0 ഏക്കർ സ്ഥലം കൊടുക്കുവാൻ അനുവദിച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അനധികൃതമായിട്ടു് പല സ്ഥലങ്ങളിലും ഇതുപോലെ ആളുകൾ പ്രവേശിച്ചിട്ടുള്ളതായിട്ടറിയാമോ?

Sri. C. Kesavan: I do not grasp the point in that question.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ പ്രവേശിച്ചിട്ടുള്ളവരെ എല്ലാം ഗവണ്മെൻറ എവിക്ടുചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: എവിക്ടുചെയ്യണ്ടവരെമാത്രമാണു് അങ്ങനെ ചെയ്തിട്ടുള്ളതു്.

ശ്രീ. സി. വി. ഐപ്പു: അനുവാദംകൂടാതെ പ്രവേശിച്ചതിനു എവിക്ടു ചെയ്യാതെ ഇൻജങ്ഷൻ കൊടുത്തു് ഇറക്കിവിടാതെ വച്ചിരിക്കുന്നു എന്നുള്ളതു് അറിയാമൊ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. പാച്ചുപിള്ള: അനധികൃതമായിട്ടു് പ്രവേശിച്ച ആളുകളെ വെളിയിൽ ഇറക്കിവിടുന്നതിനെ സംബന്ധിച്ചു് എത്ര കേസുകൾ ഇതുവരെ ഉണ്ടായിട്ടുണ്ടെന്നു് പറയാമോ?

Sri. C. Kesavan: I claim notice.

ശ്രീ. സി. സി. പ്രസാദ്: 8 0 ഏക്കർ സ്ഥലം കൊടുക്കാൻ പോകുന്നു എന്നു പറഞ്ഞതു് മുമ്പു ഞാൻ പറഞ്ഞ സ്ഥലങ്ങളിൽനിന്നും ഇറക്കിവിട്ടവക്കാണോ?

ശ്രീ. സി. കേശവൻ: അതെ.

കാളനി

* 6 ൽ വ. (ഛ) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നോക്കസമുദായോദ്ധാരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽ കാഞ്ഞിരപ്പിള്ളി തെക്കു പകുതിയിൽ എങ്ങമേലി മുറിയിൽ നെടുങ്കാവു വയലിൽ ഒരു കാളനി അനുവദിച്ചു

LIBRARY ARCHIVES Kerala Legislative Assembly